LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ ടി. ടി. ഐ.കളിലെ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

65 [2447] *ശ്രീ. ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ജി. ഒ. (എംഎസ്.) നമ്പർ 48/2004 പ്രകാരം ട്യൂഷൻ ഫീസും സ്റ്റൈപ്പന്റും മറ്റ് ആനുകൂല്യങ്ങളും സർക്കാർ നൽകിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദ്യാർത്ഥികളെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം സ്വാശ്രയ ടി.ടി.ഐ.യിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ പ്രത്യേക ഉത്തരവിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

66 [2448] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;